ഉത്തരം

(എ) ആറു കാറുകളും മുപ്പത്തിയാറ് ജീപ്പുകളും ഉണ്ട്.

(ബി) പ്രതിമാസം 2,28,000 രൂപ ചെലവ് വരും.

(സി) പരമാവധി കുറച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെ ജപ്തി നടപടി

69 [4947] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കെ. എസ്. ആർ. ടി. സി. ഡിപ്പോകൾ വിവിധ കോടതികളുടെ ജപ്തി നടപടിക്ക് വിധേയമായിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ ഡിപ്പോകളെ ജപ്തി ചെയ്യാൻ കാരണമെന്ത്;

(സി) ഇതിൽ കെ. എസ്. ആർ. ടി. സി.-യുടെ അലംഭാവം എന്താണ് എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഡിപ്പോകളെ ജപ്തി നടപടികളിൽനിന്നും ഒഴിവാക്കാൻ കെ. എസ്. ആർ. ടി. സി. നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചേർത്തല, ആറ്റിങ്ങൽ എന്നീ ഡിപ്പോകൾ.

(ബി) എം. എ. സി. റ്റി. വിധി കടങ്ങൾ യഥാസമയം കെട്ടിവയ്ക്കാൻ കഴിയാത്തതുമൂലം.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്ത് അലംഭാവം ഇല്ല. സാമ്പത്തിക ഞെരുക്കം കാരണം ചിലപ്പോൾ വിധി കടങ്ങൾ യഥാസമയം കെട്ടിവയ്ക്കാൻ സാധിച്ചിട്ടില്ല.

(ഡി) കോടതിയെ സമീപിച്ച് ജപ്തി നടപടിയിൽനിന്നും ഒഴിവാക്കാൻ സമയം ആവശ്യപ്പെട്ടിരിക്കയാണ്.

പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വിവിധ പ്രശ്നങ്ങൾ

70 [4948] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിലേയ്ക്കായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ എട്ട് വർഷത്തിലേറെ പഴക്കമുള്ള എത്ര ബസ്സുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര ബസ്സുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ ആറുമാസക്കാലയളവിനുള്ളിൽ ഷെഡ്യൂൾ ക്യാൻസലേഷന്റെ പ്രതിദിന ശരാശരി എത്രയെന്ന് പറയാമോ;

(ഇ) പേരൂർക്കട ഡിപ്പോയിൽ നിന്നുള്ള ഓർഡിനറി സിറ്റി ബസ്സുകളിൽ കിലോ മീറ്ററിന് 10 രൂപയിൽ കുറവ് ശരാശരി കളക്ഷനുള്ള എത്ര സർവ്വീസുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(എഫ്) ഈ ബസ് സർവ്വീസുകളുടെ സമയക്രമത്തിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട സ്ഥലങ്ങളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്താൻ നിർദ്ദേശം നൽകുമോ;

(ജി) 15 വർഷക്കാലമായി അറ്റകുറ്റപണി നടക്കാത്ത പ്രസ്തുത ഡിപ്പോ കോമ്പൗണ്ട് മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകാമോ;

(എച്ച്) പേരൂർക്കട ഡിപ്പോയിൽ നിന്ന് ജില്ലയിലെ ഇതര ട്രാൻസ്പോർട്ട് ഡിപ്പോകളിലേയ്ക്ക് ലോക്കൽ സർവ്വീസുകൾ തുടങ്ങാൻ അനുമതി നൽകുമോ;

(ഐ) പേരൂർക്കട ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഡിപ്പോയ്ക്കകത്ത് തന്നെ പാർക്ക് ചെയ്യാൻ നിർദ്ദേശിക്കുമോ;

(ജെ) ഡിപ്പോ വക സ്ഥലത്ത് ബി.ഒ.ടി. വ്യവസ്ഥയിൽ സംരംഭങ്ങൾ ആരംഭിക്കാൻ സ്വകാര്യവ്യക്തികൾക്ക് അവസരം നൽകുമോ;

(കെ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാമെന്ന് സമ്മതിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് ഓഗസ്റ്റ് ആദ്യവാരത്തിനകം തയ്യാറാക്കി നൽകാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 77 ബസ്സുകൾ.

(ബി) 60 ബസ്സുകൾ.

(സി) 57 ബസ്സുകൾ.

(ഡി) മൂന്ന് ഷെഡ്യൂളുകൾ.

(ഇ) 10 രൂപയിൽ താഴെ ശരാശരി കളക്ഷനുള്ള ഷെഡ്യൂളുകൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തദ്ദേശവാസികളായ ജനപ്രതിനിധികളുടെ നിർദ്ദേശങ്ങളും ട്രാഫിക് ഡിമാന്റും പരിഗണിച്ചാണ് നിലവിൽ സമയം മാറ്റം വരുത്തുന്നത്.

(ജി) അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഐ) ബസ്സുകൾ ഡിപ്പോയ്ക്കകത്തുതന്നെയാണ് പാർക്ക് ചെയ്യുന്നത്.

(ജെ) അത്തരത്തിലുള്ള നിർദ്ദേശങ്ങൾ വന്നാൽ പരിഗണിക്കുന്നതാണ്.

(കെ) എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്നും പണം ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ നവീകരണം

71 [4949] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ നവീകരണത്തിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനുമായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ വകുപ്പിൽ പുതുതായി ഏതെങ്കിലും തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 264.3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 75.38 ലക്ഷം രൂപയും വാഹനങ്ങൾ വാങ്ങുന്നതിനായി 54.69 ലക്ഷം രൂപയും (ആകെ 130.07 ലക്ഷം രൂപ) ചെലവഴിച്ചു.

(സി) ഇല്ല.

വാഹന നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള വാഹനങ്ങൾ

72 [4950] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly